# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3099 24.02.2016 - ൽ മറുപടിയ്ക്ക്

## പ്ലാച്ചിമട കൊക്കകോള നഷ്ടപരിഹാര ട്രിബ്യൂണൽ ബില്ല്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റ്റി.വി.രാജേഷ് | ശ്രീ.ഉമ്മൻ ചാണ്ടി<br>മുഖ്യമന്ത്രി |

എ) പ്ലാച്ചിമട കൊക്കകോള നഷ്ടപരിഹാര ട്രൈബ്യൂണൽ ബില്ലിന് പകരം ഭേദഗതി ചെയ്ത വ്യവസ്ഥകൾ ഉൾപ്പെടുത്തി ക്കൊണ്ട് പുതിയ ബില്ല് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ;

ബി) ഇത് സംബന്ധിച്ച കാര്യങ്ങൾ കേന്ദ്രസർക്കാരിന്റെ ബന്ധപ്പെട്ട മന്ത്രാലയങ്ങളിൽനിന്നും അനുകൂലമായി നേടിയെടുക്കുന്നതിൽ പരാജയപ്പെടാൻ കാരണമെന്തൊണെന്ന് വ്യക്തമാക്കുമോ ;

സി) ഈ വിഷയത്തിൽ കേരള ജനതയ്ക്കെതിരായുള്ള തീരുമാനം വരാൻ ഇടയായത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ;

എ) യും ബി) യും സി) യും — കേരള നിയമസഭ പാസ്സാക്കിയ 'പ്ലാച്ചിമട കൊക്കകോള വിക്ടിംസ് റിലീഫ് ആന്റ് കോമ്പൻസേഷൻ സ്പെഷ്യൽ ട്രിബ്യൂണൽ ബിൽ 2011', ഭരണഘടനയുടെ ആർട്ടിക്കിൾ 201 പ്രകാരം ബഹുമാനപ്പെട്ട ഗവർണ്ണർ 29/03/2011 - ൽ ബഹു. രാഷ്ട്രപതിയുടെ അംഗീകാരത്തിനായി അയച്ചിരുന്നു. എന്നാൽ ദേശീയ ഹരിത ട്രിബ്യൂണൽ ആക്റ്റിൽ വിഭാവനം ചെയ്തിട്ടുള്ള നിയമവുമായി പ്രസ്തുത ബില്ലിലെ വ്യവസ്ഥകൾ പൊരുത്തപ്പെടുന്നില്ലെന്നും മറ്റും ചൂണ്ടിക്കാട്ടി ബിൽ പിൻവലിക്കുവാൻ കേന്ദ്ര ആഭ്യന്തര മന്ത്രാലയം നിർദ്ദേശിക്കുകയും തുടർന്ന് ബിൽ മടക്കി അയക്കുകയും ചെയ്തിരുന്നു. ഇത്തരത്തിൽ തിരികെ അയച്ചതിലെ ന്യൂനത ചൂണ്ടിക്കാട്ടി പ്രസ്തുത ബിൽ രാഷ്ട്രപതിയുടെ അംഗീകാരത്തിനായി 19/09/2015 ൽ

വീണ്ടും അയക്കുകയുണ്ടായി. എന്നാൽ ബില്ലിൽ "I withhold assent from this Bill" എന്ന് രേഖപ്പെടുത്തി ബഹുമാനപ്പെട്ട രാഷ്ട്രപതി പ്രസ്തുത ബിൽ തിരികെ അയക്കുകയായിരുന്നു. ഇക്കാര്യം സർക്കാർ നിയമസഭയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

ഡി) കമ്പനിയുടെ പ്രവർത്തനംമൂലം നഷ്ടം സംഭവിച്ചവർക്ക് നഷ്ടപരിഹാരം ആവശ്യപ്പെട്ടുകൊണ്ട് ഇതിലേക്കായി പ്രത്യേക ട്രൈബ്യൂണൽ രൂപീകരിക്കാതെ തന്നെ സിവിൽ കോടതികളെ സമീപിക്കാനുള്ള അവസരം ഉണ്ടാക്കി ക്കൊടുത്തുകൊണ്ടും കേസ് ഫയൽ ചെയ്യുന്നതിനുള്ള കാലതാമസം ഒഴിവാക്കി ക്കൊണ്ടും പുതിയൊരു ബിൽ കൊണ്ടു വരുന്നതിന് തടസ്സമുണ്ടോ; വിശദാംശം നൽകുമോ ?

ഡി) പ്ലാച്ചിമട കൊക്കകോള ദുരിതബാധിതർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി എന്തുമാർഗ്ഗം സ്വീകരിക്കാമെന്ന് സർക്കാർ നിയമവിദഗ്ധരുമായി കൂടി ആലോചിച്ചു വരികയാണ്.

സെക്ഷൻ ഓഫീസർ